# 14-ാം കേരള നിയമ സഭ

## 15-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 338** 28.05.2019 -**ൽ മറുപടിയ്ക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി** |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2018-19 വർഷത്തെ എം.ബി.ബി.എസ്. ഫീസ് നിശ്ചയിച്ചുകൊണ്ട് ഫീസ് നിർണ്ണയ സമിതി എടുത്ത തീരുമാനം കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ; | (എ) ഫീസ് നിർണ്ണയ സമിതിയുടെ മുഴുവൻ അംഗങ്ങളും ഉൾപ്പെട്ട യോഗത്തിലല്ല ഫീസ് നിശ്ചയിച്ചതെന്ന കാരണത്താൽ 2018-19 വർഷത്തെ എം.ബി.ബി.എസ് ഫീസ് നിശ്ചയിച്ച സമിതിയുടെ തീരുമാനം ബഹു. കേരള ഹൈക്കോടതി അസ്ഥിരപ്പെടുത്തുകയും ഇക്കാര്യത്തിൽ പുതുതായി ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ നിലവിലെ ഫീസ് താല്ക്കാലിക ഫീസ് ആയി തുടരുമെന്നും കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിധിയിൽ ഫീസ് പുനർനിർണ്ണയം രണ്ട് മാസത്തിനകം പൂർത്തിയാക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ; ഫീസ് പുനർനിർണ്ണയം ഇപ്രകാരം പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) നിർദ്ദേശിച്ചിരുന്നു. ഫീസ് പുനർനിർണയം പൂർത്തിയായിട്ടില്ല. നിലവിലുള്ള 10 അംഗ സമിതിയുടെ ഘടന പുനപരിശോധിക്കണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 അംഗ ഫീസ് നിർണ്ണയ സമിതി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (സി) ഓരോ കോളേജിലെയും ഫീസ് പുനർനിർണ്ണയിക്കുന്നതിന് ഏതൊക്കെ ഘടകങ്ങളാണ് പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ബഹു. സുപ്രീംകോടതി/ഹൈക്കോടതി ഉത്തരവുകളുടെയും 2017-ലെ 15-ാം നമ്പർ ആക്റ്റിലെ ഖണ്ഡം 11 പ്രകാരമുള്ള ഘടകങ്ങളും പരിഗണിച്ചാണ് ഫീസ് നിർണ്ണയിക്കുന്നത്. |
| (ഡി) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ; 2017-18 ലും 2018-19-ലും എന്ത് തുകയാണ് ഇതിനായി | (ഡി) ഉണ്ട്. 2017-18 ലെ 1-ാം വർഷ എൻ. ആർ.ഐ പ്രവേശനത്തിൽ നിന്ന് 10,90,00,000/- രൂപയും 2-ാം വർഷ എൻ.ആർ.ഐ പ്രവേശനത്തിൽ നിന്ന് |

(...2)

സ്വരൂപിച്ചതെന്നും അതിൽ എന്ത് തുക വിദ്യാർത്ഥികൾക്ക് നൽകിയെന്നും വെളിപ്പെടുത്തുമോ?

3,80,00,000/- രൂപയും 2018-19 ലെ 1-ാം വർഷ എൻ.ആർ.ഐ പ്രവേശനത്തിൽ നിന്ന് 12,75,00,000/- രൂപയും സ്വരൂപിച്ചിട്ടുണ്ട്. 2017-18 ൽ എം.ബി.ബി.എസ് പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും അർഹരെന്ന് കണ്ടെത്തി അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിച്ചു നൽകിയ 65 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകേണ്ട 2,85,11,874/- രൂപ ഉടൻ തന്നെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2018-19 അധ്യയന വർഷം ലഭിച്ച അപേക്ഷകൾ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികളിലാണ്.

**സെക്ഷൻ ഓഫീസർ**